# പിഴയൊടുക്കി തെറ്റുചെയ്യുന്നവർ!

**പി.കെ. ധർമരാജ്**

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാളം സംസാരിക്കാൻ പാടില്ല. ഇത് നിയമമാണത്രെ. സംസാരിച്ചാൽ സംസാരിക്കുന്ന കുട്ടി 50 രൂപ പിഴയൊടുക്കേണ്ടിവരും. എന്നിട്ടും കുട്ടിക്ക് മാതൃഭാഷ സംസാരിക്കാൻ കഴിഞ്ഞില്ല. സ്കൂൾ അധികൃതർ 50 രൂപ പിഴയിട്ടു. കുട്ടി 200 രൂപ കൊടുത്തിട്ട് പറഞ്ഞു, എനിക്ക് ഇനിയും മാതൃഭാഷ സംസാരിക്കേണ്ടിവരും. ഇതാ മുൻകൂർ തുക ഞാൻ നല്കുന്നു.

ഇത് അനുഭവ കഥ! ഇനി നമുക്ക് കാര്യത്തിലേക്ക് കടക്കാം. കാടില്ലെങ്കിൽ കൃഷിയില്ല എന്നൊരു പഴമൊഴിയുണ്ട്. പ്രകൃതിയുടെയും കൃഷിയുടെയും നിലനിൽപ്പിന് കാവുകൾ സംരക്ഷിക്കപ്പെടണമെന്ന് എവർക്കും അറിവുള്ള വസ്തുതയാണ് എന്നിട്ടും മനുഷ്യർ പിഴയൊടുക്കി തെറ്റുചെയ്യുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നു.

പാമ്പുംമേക്കാട്ട് മനയും ആരാധനാലയവും ഏറെ പ്രസിദ്ധികേട്ട സ്ഥലമാണ്. നിത്യവും ആരാധനയ്ക്കായി വളരെയേറെ ഭക്തജനങ്ങൾ ഇവിടെയെത്തുന്നു. പക്ഷേ, ചിലർ പിഴയൊടുക്കി തെറ്റുചെയ്യുന്നതിനാണ് ഇവിടെ എത്തുന്നത്. സ്വന്തം പുരയിടത്തിൽ ഒരു കാവുണ്ടെങ്കിൽ ആ കാവിലെ നാഗദൈവങ്ങളെ ആവാഹിച്ച് മേക്കാട്ടെകാവിൽ കുടിയിരുത്തുന്നതിന് ഇവർ 15,000 രൂപ ഫീസും തന്ത്രിയുടെ ദക്ഷിണയും യാത്രക്കൂലിയും മറ്റു ചിലവുകളുമടക്കം വലിയൊരു തുക പിഴയൊടുക്കിക്കൊണ്ട് കാവുകളെ വെട്ടിമാറ്റുന്നു. ആവാഹിച്ചാൽ മനയിലെ കാവുകളിലേക്ക് വരാത്ത നാഗദൈവങ്ങളുള്ള കാവുകൾപോലും നശിപ്പിക്കാൻ ചിലർ സമ്മർദം ചെലുത്താറുണ്ട്. കാവുകൾ ഒരു കൃഷിയിടത്തിന്റെ ആവാസവ്യവസ്ഥയിൽ ഗണ്യമായൊരു പങ്കുവഹിക്കുന്നു എന്നത് ഇന്ന് തെളിയിക്കപ്പെട്ട കാര്യമാണ്. കാവിലേക്ക് ആയുധങ്ങൾ കൊണ്ടുവരുന്നത് കാരണവന്മാർ വിലക്കിയിരുന്നതും ഇതുകൊണ്ട് തന്നെയാണ്.

വീടുപണിയുന്നതിനുവേണ്ടി കാവുകൾ വെട്ടുകയും അവിടെ വീടുപണിതശേഷം താമസിക്കാൻ കഴിയാത്ത സാഹചര്യങ്ങളുമുണ്ടായ എത്രയെത്രസംഭവങ്ങൾ നമ്മൾ കേട്ടിരിക്കുന്നു. കാവുകൾ വെട്ടിനിരത്തിയപ്പോൾ സമീപത്തുള്ള കുളങ്ങളിലെയും കിണറുകളിലെയും ജലനിരപ്പ് ക്രമാതീതമായി താഴുകയും ചെയ്യുന്നു. എന്നിട്ടും മനുഷ്യർക്ക് പിഴയൊടുക്കി തെറ്റു ചെയ്യുന്നതിനാണ് താൽപര്യം. ഇതുമൂലം കേരളത്തിലെ ആയിരക്കണക്കിന് കാവുകളാണ് നാമാവശേഷമായത്.

കൃഷിയിലെ വിളവു കുറയുന്നതിനും കൃഷിയിടങ്ങൾ വന്ധ്യമാവുന്നതിനും ഇത് വഴിതെളിയിച്ചു. പിഴയൊടുക്കി തെറ്റു ചെയ്യുന്ന രീതി ഇനിയും നാം ആവർത്തിക്കണമോ?

